ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : മെഡിക്കൽ വേസ്റ്റിന് ബാൻ ഏർപ്പെടുത്തുകയല്ല അത് ഡിസ്പോസ്സ് ചെയ്യുന്നതിനുള്ള നടപടികളാണ് വേണ്ടത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഡോക്ടേഴ്സ് അസ്സോസിയേഷൻ പാലക്കാട്ട് ഒരു യൂണിറ്റ് നടത്തുന്നുണ്ട്. എറണാകുളത്തും ഒരു സ്ഥലം അവർ നോക്കുന്നുണ്ട്. തിരുവനന്തപുരത്തും ഒരു പ്ലാന്റ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് ചെയ്യാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന്റെ തുടർപ്രവർത്തനം നിർത്തി വയ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, കേരളത്തിലെ ഓരോ വ്യവസായ സ്ഥാപനങ്ങളും ഓരോ ഇനത്തിൽപ്പെട്ട വേസ്റ്റ് അല്ലെങ്കിൽ മാലിന്യങ്ങളായിരിക്കും സൃഷ്ടിക്കുക. അതിനെ ഓരോന്നിനേയും ഇനം തിരിച്ച് നേരിടാനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ നിലവിലുണ്ടോ? മലിനീകരണ നിയന്ത്രണ ബോർഡ് ഏത് സാഹചര്യങ്ങളെയും നേരിടാൻ പര്യാപ്തമാണോ സുസജ്ജമാണോ? അതിന്റെ ക്രെഡിബിലിറ്റി ഇപ്പോൾ പഴയതു പോലെയില്ലായെന്ന് എല്ലാപേർക്കുമറിയാമെന്ന ഒരു സാഹചര്യമുണ്ട്. വളരെ ശക്തമായ രീതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ആവിഷ്കരിക്കുന്നതിനും അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നമ്പർ *332.....

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല)

ഈ ചോദ്യത്തിന് പേര് തന്നിട്ടുള്ള അംഗങ്ങളാരെങ്കിലും ചോദ്യം ചോദിച്ചാൽ മാത്രമെ അത് എടുക്കുവാൻ സാധിക്കൂ. പേര് തന്നിട്ടുള്ളവരാരും ചോദിച്ചിട്ടില്ല. അതുകൊണ്ട് ഈ ചോദ്യം എടുക്കാൻ നിർവ്വാഹമില്ല. സ്റ്റാർഡ് ക്വസ്റ്റ്യനാണ്. അതുകൊണ്ട് ആ ചോദ്യം വന്നിട്ടില്ല.

ചോദ്യം നമ്പർ *333

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല)

വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് നടപടികൾ

2 (*334) ശ്രീ. പി. എ. മാധവൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. എം. പി. വിൻസെന്റ് : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി എന്തെല്ലാം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടേയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : സർ,

(എ) പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, ഉയർന്ന വോൾട്ടതയിൽ വൈദ്യുതി പ്രസരണം നടത്തുക, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക. വോൾട്ടത ഉയർത്തുക തുടങ്ങിയ പ്രവർത്തികൾ ചെയ്തുവരുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : വോൾട്ടത എന്ന വാക്കിന്റെ മലയാളം ചേർത്തുകൂടെ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : വോൾട്ടേജിന്റെ മലയാളമാണ് വോൾട്ടത എന്ന് കൊടുത്തിട്ടുള്ളത്. ഇവിടെ എഴുതി വന്നതും നമ്മുടെ ഡിപ്പാർട്ടുമെന്റിലും ഇപ്പോൾ ഈ പദമാണ് ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഡിപ്പാർട്ടുമെന്റിനോട് അത് തിരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ പറയാം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 33 സബ്സ്റ്റേഷനുകൾ കമ്മിഷൻ ചെയ്യുകയും അനുബന്ധ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, " മിഷൻ 676" പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളും ലൈനുകളും പൂർത്തീകരിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

<u>ശ്രീ. പി. എ. മാധവൻ</u> : സർ, കേരളത്തിൽ വൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നതിന് ഒട്ടനവധി പ്രതിസന്ധികൾ തരണം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ ഈ വൈദ്യുതി പ്രസരണ നഷ്ടം പൂർണ്ണമായും ഒഴിവാക്കുന്നത് പുതിയ പദ്ധതികൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തുല്യമാണ്. ആ അനുകൂലമായ പ്രത്യേകത കണക്കിലെടുത്ത് വൈദ്യുത പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള എന്തെല്ലാം നടപടികൾ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : പുതിയ സബ്സ്റ്റേഷനുകൾ തുടങ്ങുക, കാര്യക്ഷമമായിട്ടുള്ള ലൈനുകളൊക്കെ ശക്തിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് ചെയ്യുവരുന്നത്. ആ കാര്യങ്ങൾ ഞാനിവിടെ പറഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്ത് 33 സബ്സ്റ്റേഷനുകൾ കമ്മിഷൻ ചെയ്യുകഴിഞ്ഞു. 39 എണ്ണത്തിന്റെ പ്രവർത്തനങ്ങൾ ഈ മിഷൻ 676-ൽ ചെയ്യു തീർക്കാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. പി. എ. മാധവൻ: സർ, പ്രവർത്തനമേഖല ശക്തിപ്പെടുത്തുന്നതിന് വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇന്നത്തെ പ്രത്യേക സാമ്പത്തിക സാഹചര്യത്തിലും ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തിക സാഹചര്യത്തിലും ഇതിനായി വലിയ തുക മുതൽ മുടക്കുന്നത് വളരെ ശ്രമകരമാണെന്ന് അറിയാം. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചത് നിലവിലുണ്ടോ; കേരള സർക്കാർ അത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതിനുവേണ്ടി കെ.എസ്.ഇ.ബി.-ക്ക് പണത്തിന്റെ പ്രയാസമൊന്നുമില്ല. ഇതിന് സർക്കാരിന്റെ ഒരു പൈസയുടെ സഹായവും കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്നില്ല. ഇത് ചെയ്യുന്നത് കെ.എസ്.ഇ.ബി. ആണ്. പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ആർ.ഇ.സി.-യിൽ നിന്നുമൊക്കെ ലോണെടുത്താണ് ഈ വർക്കുകളൊക്കെ ചെയ്യുന്നത്. ഇതുകൂടാതെ ഇതിന്റെ പ്രസരണത്തിനും വിതരണത്തിനുമൊക്കെയുള്ള നഷ്ടം കുറയ്ക്കാൻ വേണ്ടിയാണ് എ.പി.ഡി.ആർ.പി. സ്കീമും ആർ.എ.പി.ഡി.ആർ.പി. സ്കീമുമൊക്കെ പ്രവർത്തിക്കുന്നത്. ഇപ്പോൾ ആർ.എ.പി.ഡി.ആർ.പി. സ്കീം 43 മുനിസിപ്പാലിറ്റികളിൽ നടക്കുന്നുണ്ട്. അതിന് 1,200 കോടിയോളം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിൽ 10 ശതമാനം കെ.എസ്.ഇ.ബി. എടുക്കുന്നു. സാധാരണ സംസ്ഥാന സർക്കാരാണ് എടുക്കേണ്ടത്. പക്ഷേ അത് കെ.എസ്.ഇ.ബി.-യാണ് എടുക്കുന്നത്. അങ്ങനെ അതിന്റെ പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ട് പ്രസരണനഷ്ടവും വിതരണനഷ്ടവും കുറയ്ക്കാൻ കഴിയുന്നുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, വൈദ്യുതിക്ഷാമം നേരിടുന്ന നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി പ്രസരണനഷ്ടം കുറച്ചുകൊണ്ടുവന്നില്ലെങ്കിൽ അത് വീണ്ടും വലിയ ബുദ്ധിമുട്ടുണ്ടാക്കും. കുടംകുളത്തുനിന്ന് ഇങ്ങോട്ടുള്ള ലൈൻ വലിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അത് വളഞ്ഞ വഴിയിൽക്കൂടി കൊണ്ടുവരുമ്പോൾ വലിയ നഷ്ടം നമുക്ക് നേരിടുകയാണ്. വൈദ്യുതി പ്രസരണനഷ്ടം നേരിടുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം ഓവർ ഹെഡ് ലൈൻസ് തന്നെയാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മരങ്ങളും ചില്ലകളുമൊക്കെ ലൈനിലേയ്ക്കുവന്ന് അങ്ങനെയും നഷ്ടം നമുക്ക് നേരിടാറുണ്ട്. അതൊക്കെ വെട്ടിമാറ്റുന്നതും അഡീഷണൽ

എക്സ്പെൻഡിച്ചറാണ്. മറ്റ് രാജ്യങ്ങളിലേതുപോലെ ഓവർ ഹെഡ് ലൈൻസിന് പകരം അണ്ടർ ഗ്രൗണ്ട് കേബിളിടുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; അതിനുള്ള പദ്ധതിയുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, അണ്ടർ ഗ്രൗണ്ട് കേബിളിംഗ് വളരെ നല്ലൊരു സജഷനാണ്. സർക്കാരിനും ബോർഡിനും ഇക്കാര്യത്തെക്കുറിച്ച് ബോധമുണ്ട്. ഇതിനുവേണ്ടി വരുന്ന സംഖ്യ ചെലവഴിക്കേണ്ടിവരും. എന്നാലും വളരെ പ്രധാനപ്പെട്ട ചില സ്ഥലങ്ങളിൽ ഇപ്പോൾ അത് ചെയ്തുവരുന്നുണ്ട്. ആർ.എ.പി.ഡി.ആർ.പി. സ്കീം സിറ്റികളിൽ വിതരണത്തിന്റെ സാഹചര്യത്തിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ് നടത്തിവരുന്നുണ്ട്. പ്രത്യേകിച്ച് എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലും ബാക്കിയുള്ള മുനിസിപ്പാലിറ്റികളിലും ചെയ്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. ഇപ്പോൾ കൂടംകുളത്തുനിന്ന് 300 മെഗാവാട്ട് പവറാണ് കൊണ്ടുവരുന്നത്. ഇടമൺ-കൊച്ചി ലൈൻ പൂർത്തീകരിക്കാത്തതുകൊണ്ട് 300 മെഗാവാട്ട് പവ്വർ കൊണ്ടുവരുമ്പോൾ നമുക്ക് 10 ശതമാനം അഡീഷണലായി ട്രാൻസ്മിഷൻ ലോസ് വരുന്നുണ്ട്. ഈ 300-ൽനിന്ന് 30 മെഗാവാട്ടാണ് നഷ്ടപ്പെടുന്നത്. ഇത് ഭീമമായ നഷ്ടമാണ്. അതുകൊണ്ട് അത്തരത്തിലുള്ള വർക്കുകൾ ഉടനെ ചെയ്തീർക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, പ്രസരണനഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവിടേയ്ക്ക് പുതിയ ലൈനുകൾ കൊണ്ടുവരികയും ചെയ്യുകയാണ്. പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സ്ഥലത്തേക്ക് ലൈൻ കൊണ്ടുവരുന്നതിനെതിരായി നമ്മുടെ കോടതികളിൽ നിരവധി കേസുകളുണ്ട്. ആ കേസുകൾ പലപ്പോഴും സമയബന്ധിതമായി തീർക്കുന്നതിന് വൈദ്യുതി ബോർഡിനുവേണ്ടി ഹൈക്കോടതിയിലുൾപ്പെടെ ഹാജരാകുന്ന അഭിഭാഷകർ ശരിയായ ശ്രദ്ധാന്തി കാണിക്കുന്നില്ല. ഉദാഹരണത്തിന്, എന്റെ നിയോജക മണ്ഡലത്തിലെ മാളയിലെ അന്നമനടയിൽ പ്രസരണനഷ്ടം കുറയ്ക്കുന്നതിനുവേണ്ടി നിർമ്മിച്ച സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ട് അഞ്ചുവർഷത്തിലേറെയായി. നിർമ്മാണം പൂർത്തിയാക്കിയ സബ്സ്റ്റേഷനിലേയ്ക്ക് ലൈൻ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ച പണംനഷ്ടം, പ്രസരണനഷ്ടം എന്നിവ വീണ്ടും വീണ്ടും വർദ്ധിച്ചുവരികയാണ്. കോടതിയിൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീർക്കുന്നതിനും എ.ജി. ഉൾപ്പെടെ ബന്ധപ്പെട്ടവർ മോണിറ്ററിംഗ് നടത്തുന്നതിനും വേണ്ടി പ്രത്യേകമായ സംവിധാനമുണ്ടാക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇതിനുവേണ്ടി സർക്കാർ മോണിറ്ററിംഗ് നടത്താറുണ്ട്. പല കേസുകളിലും വക്കീലൻമാർ ഹാജരായാൽപ്പോലും യഥാർത്ഥത്തിൽ കേസ്സെടുക്കുന്നില്ല. ഇവിടെ ആർ.എ.പി.ഡി.ആർ.പി.-യുടെ വർക്കിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അതിൽ കൊറിയൻ കമ്പനിയുടെ കേസുകേട്ട് അവസാനിപ്പിച്ചിട്ട് അതിന്റെ ജഡ്ജ്മെന്റ് പറയാൻവേണ്ടി കോടതിയിൽ എട്ടുമാസം സമയമെടുത്തു. ഇക്കാര്യത്തിൽ ജഡ്ജിയേയും ചീഫ് ജസ്റ്റിസിനേയുംകണ്ട് നിവേദനം കൊടുക്കേണ്ട ഗതികേടുപോലും നമുക്കുണ്ടായിയെന്നതാണ് വസ്തുത.

ശ്രീ. ജോസഫ് വാഴക്കൻ: സർ, അണ്ടർ ഗ്രൗണ്ട് കേബിളിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡുതന്നെ മൂവാറ്റുപുഴയിൽ മുകളിൽക്കൂടി Aerial Bunched Cable (ABC) എന്ന 11 കെ.വി. ലൈനാണ് വലിക്കുന്നത്. അതിന്റെ പണി ആരംഭിച്ചിരിക്കുകയാണ്. അത് വളരെ എഫക്ടീവാണെന്നാണ് എനിക്ക് തോന്നുന്നത്. അണ്ടർ ഗ്രൗണ്ടിനേക്കാൾ വളരെ ചെലവ് കുറച്ചും നമുക്ക് അത് പണിയാൻ കഴിയും. ആ ഒരു രീതിയിൽ പ്രസരണനഷ്ടം കുറയ്ക്കുന്നതിനു വേണ്ടി ഏരിയൽ ബഞ്ച്ഡ് കേബിൾ സിസ്റ്റം കേരളത്തിൽ കൊണ്ടുവരാൻ ശ്രമിക്കുമോ; അതോടൊപ്പംതന്നെ മൂവാറ്റുപുഴയിൽ ന്യൂ മൂവാറ്റുപുഴയെന്ന ഒരു സബ്സ്റ്റേഷനുവേണ്ടി പുതിയ സ്ഥലം ഞങ്ങൾ കണ്ടെത്തി അതിന്റെ പ്രൊപ്പോസൽ വന്നിട്ടുണ്ട്. അതിന് അനുമതി കൊടുക്കുന്ന കാര്യം എന്തായി എന്നുകൂടി അറിയിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിന് പ്രത്യേകിച്ച് ഒരു ചോദ്യം ചോദിച്ചാൽ മാത്രമേ അതിന്റെ നടപടി എവിടെവരെയായി എന്ന് അറിയാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ എന്നോട് ഇക്കാര്യം സൂചിപ്പിച്ചതും ഞാൻ ഉദ്യോഗസ്ഥന്മാരോട് അതാത് സമയത്ത് അന്വേഷിച്ചിട്ടുള്ളതുമാണ്. ഏതായാലും അതിന്റെ തടസ്സങ്ങൾ നീക്കി പെട്ടെന്നുതന്നെ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളും. എ.ബി.സി. സ്കീമിനെപ്പറ്റിയുള്ള പ്രൊപ്പോസൽ പരീക്ഷിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിലാണ് അത് മൂവാറ്റുപുഴയിൽ നടത്തുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ലോകപ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ ഉപനഗരമായി മാറിയിരിക്കുന്ന മതസൗഹാർദ്ദ കേന്ദ്രമായ എരുമേലിയിൽ ബഹുമാനപ്പെട്ട ഇപ്പോഴത്തെ ഊർജ്ജ വകുപ്പുമന്ത്രിതന്നെ നേരത്തെ മന്ത്രിയായിരുന്ന കാലത്ത്, 10 വർഷം മുമ്പ് കല്ലിട്ട സബ്സ്റ്റേഷന്റെ പണി പൂർത്തിയായെങ്കിലും ലൈൻ വലിക്കാനുള്ള കേസ്സിന്റെ പേരിൽ ഇപ്പോഴും ആ സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് വൈദ്യുതി പദ്ധതി നടപ്പാക്കി ആ സബ്സ്റ്റേഷൻ ഉറക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സബ്സ്റ്റേഷന്റെ പണി തീർന്നാൽപ്പോലും ലൈൻ വലിച്ചുകൊണ്ടുവരണം. ലൈൻ വലിക്കുന്ന സ്ഥലത്താണ് ഒബ്ജക്ഷൻസ് വരുന്നത്. ഒബ്ജക്ഷൻസ് വന്നാൽ ഉടനെ തന്നെ ഹൈക്കോടതിയിൽപ്പോകും. ഹൈക്കോടതിയിൽനിന്ന് വീണ്ടും ടെലിഗ്രാഫിക് ആക്ടനുസരിച്ച് എ.ഡി.എം-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

കോർട്ടിലേക്ക് റിമാന്റ് ചെയ്യും. അങ്ങനെയാണ് ഈ കാലതാമസം വരുന്നത്. ഏതായാലും ബോർഡിന്റെ വക്കീലന്മാരെയൊക്കെ വിളിച്ച് അവരോട് ഇത്തരത്തിലുള്ള കേസ്സുകൾ അടിയന്തരമായി തീർക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽകൂടി കടന്നുപോകുന്ന ലൈനുകളിൽ വലിയ പ്രസരണനഷ്ടം ഉണ്ടാകാറുണ്ട്. നേരത്തെ ഒരു പ്രദേശത്തുള്ള ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർ എന്നിവർ ജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ടവരുമായിരുന്നു. എന്നാൽ ഈ അടുത്തകാലത്ത് മോഡൽ സെക്ഷൻ ഓഫീസ് വന്നതിനുശേഷം കംപ്ലെയിന്റ്, അറ്റന്റർ, മെയിന്റനൻസ്, റവന്യൂ എന്നിങ്ങനെ തരം തിരിച്ചിരിക്കുകയാണ്. ഇതുകൊണ്ട് പലപ്പോഴും ജനങ്ങൾ ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്. ജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ പരിഷ്കരിക്കാൻ എന്തെങ്കിലും നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായവും വേറൊരു അഭിപ്രായവും ഇപ്പോൾ നിലവിലുണ്ട്. ഇത് സെക്ഷൻ ഓഫീസിൽ വച്ചുകൊണ്ടാണ് ചെയ്യുന്നത്. ടെലിഫോൺ സൗകര്യവും വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലുള്ള നിരവധി പരാതികളുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് ബോർഡ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : സർ, അങ്ങ് ട്രാൻസ്മിഷൻ ലോസ് കുറയ്ക്കാൻ വേണ്ടി ചെയ്യുന്ന നടപടികളും ഒരുപാട് സബ്സ്റ്റേഷനുകളൊക്കെ വരുന്നതും വളരെ നല്ലകാര്യമാണ്. അതുപോലെ ഡിസ്ട്രിബ്യൂഷൻ ലോസ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ ഗ്രാമങ്ങളിൽ കാണുന്ന പോസ്റ്റുകളിൽ ധാരാളം ജോയിന്റ്സുണ്ട്. അവിടെ നിന്ന് ധാരാളം വൈദ്യുതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വൃക്ഷങ്ങൾ ഒടിഞ്ഞുവീണ് വൈദ്യുതി തടസ്സമുണ്ടാകാതിരിക്കാൻ അങ്ങ് കേബ്ലിംഗിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഭൂമിക്ക് അടിയിൽ ഇടുന്ന കേബിളിന് കൂടുതൽ ചെലവാണ്. പക്ഷേ പോസ്റ്റുകളിൽ കൂടി തന്നെ കേബിൾ വലിക്കുന്ന സംവിധാനം തായ്ലന്റ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലുണ്ട്. അവിടെ ഈ സംവിധാനം വിജയിച്ചിട്ടുണ്ട്. അതുകൊണ്ട് അണ്ടർ ഗ്രൗണ്ട് കേബിളിന് വില കൂടുതലായതുകൊണ്ട് ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലുമുള്ള പോസ്റ്റുകളുടെ എണ്ണം കുറയ്ക്കാനും ഈ ലൈനുകൾ പോസ്റ്റുകളിൽത്തന്നെ കേബിൾ വലിക്കുന്ന സംവിധാനം ഇവിടെയും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ പറഞ്ഞ ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റും ബോർഡും പരിശോധിക്കുന്നതാണ്. നഷ്ടത്തെക്കുറിച്ച് പറഞ്ഞാൽ വിതരണത്തിലും പ്രസരണത്തിലും എ.റ്റി.എൻ.സി. ലോസ്സാണെങ്കിലും ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വിതരണത്തിൽ കൂടിയുള്ള കൺസർവേഷൻ ഒന്നാമതായി നടക്കുന്ന സംസ്ഥാനമെന്നുള്ള കേന്ദ്ര അവാർഡ് കേരളത്തിന് ലഭ്യമായി. വിതരണത്തെ സംബന്ധിച്ച് ഇവിടെ ഈ ലോസ് കുറയ്ക്കുകയും കൺസർവേഷൻ നടക്കുകയും ചെയ്യുന്നുണ്ട്. ഡൽഹി, ബോംബെ, കൽക്കത്ത തുടങ്ങിയ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം ഇതെല്ലാം പ്രൈവറ്റൈസ് ചെയ്തിരിക്കുകയാണ്. റ്റാറ്റയും റിലയൻസിനും ഇതുപോലുള്ള കമ്പനികളുണ്ട്. അവയുമായി മത്സരിച്ചുകൊണ്ട് പൊതു മേഖല മാത്രമല്ല സ്വകാര്യ മേഖലകളെ കൂടി ഈ പ്രാവശ്യം കണക്കിലെടുത്തുകൊണ്ടാണ് ഈ അവാർഡ് നിശ്ചയിച്ചത്. റ്റാറ്റയെയും റിലയൻസിനെയും പരാജയപ്പെടുത്തികൊണ്ട് ഒന്നാം സ്ഥാനത്ത് വരാൻ കെ.എസ്.ഇ.ബി.ക്ക് സാധിച്ചു എന്നുള്ളതാണ് വസ്തുത.

ശ്രീ. സണ്ണി ജോസഫ് : സർ, എന്റെ നിയോജക മണ്ഡലത്തിലുള്ള ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. അവിടെ ജനറേറ്ററിൽ നിന്ന് സബ്സ്റ്റേഷനിലേക്ക് ലൈൻ വലിക്കുന്ന കാര്യത്തിൽ വലിയ പ്രയാസങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ പ്രത്യേകമായി ഇടപെട്ട് അണ്ടർഗ്രൗണ്ട് ലൈൻ വലിക്കാൻ തീരുമാനിച്ചു. ഇത് കൃഷിക്കാർക്ക് വളരെയേറെ ഫലപ്രദവും ഉപയോഗപ്രദവുമായിട്ടുള്ള നടപടിയായി മാറിയിട്ടുണ്ട്. അതിനും പ്രത്യേകമായ നന്ദി പറയുന്നു. ഈ രീതി മറ്റു സ്ഥലങ്ങളിലും മാതൃകാപരമാക്കാവുന്നതാണ്. ആ പദ്ധതിയുടെ പൂർത്തീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രത്യേകമായിട്ട് ശ്രദ്ധിക്കുമോ; ആ കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ലൈനിന്റെ കാര്യത്തിലും സ്ഥലമെടുപ്പിന്റെ കാര്യത്തിലും പല തടസ്സങ്ങളുമുണ്ടായിട്ടുണ്ട്. എന്നാലും ഈ വർക്ക് ഏകദേശം തീരാറായിട്ടുണ്ട്. ഉടൻ തന്നെ അത് കമ്മീഷൻ ചെയ്യാൻ സാധിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഏറ്റവുമധികം വൈദ്യുതി ഇന്റർപ്ഷൻ നേരിടുന്ന ഒരു പ്രദേശമാണ് ഫോർട്ട് കൊച്ചി മട്ടാഞ്ചേരി. അങ്ങ് നേരത്തെ സൂചിപ്പിച്ച നഗരങ്ങളിൽ കേബിൾ ഇടുന്ന സംവിധാനത്തിൽ ഇത് ഉൾപ്പെട്ടതാണ്. പക്ഷേ, ഈ പദ്ധതി നീണ്ടുപോകുകയാണ്. കെ.എസ്.ഇ.ബി. ഉണ്ടാകുന്നതിനുമുമ്പ് SCADA (Supervisory Control And Data Acquisition) പദ്ധതി സ്വകാര്യമായി നടത്തിയിരുന്ന ഒരു മേഖലയാണ് ഫോർട്ട് കൊച്ചി മട്ടാഞ്ചേരി. ആ കാലത്ത് ഇട്ടിട്ടുള്ള ലൈനാണ് ഇപ്പോഴുമുള്ളത്. അതുമാറ്റിയെടുക്കാൻവേണ്ടി കേബിൾ

ഇടുമ്പോഴും റോഡ് ടാർ ഇടാൻ പോകുമ്പോഴും അവിടെ തർക്കങ്ങളാണുള്ളത്. ഡ്രിൽ ചെയ്തുകൊണ്ടുള്ള push through സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ആ മെഷീനും കൂടി ഉപയോഗിച്ചുകൊണ്ട് റോഡുകൾ കാര്യമായി പൊളിക്കാതെ കേബിൾ ഇടുന്ന കാര്യം ഫോർട്ട് കൊച്ചി മട്ടാഞ്ചേരിയിൽ പരീക്ഷിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ആർ.എ.പി.ഡി.ആർ.പി. സ്കീം കവർ ചെയ്യുന്ന സ്ഥലമാണ് കൊച്ചി മട്ടാഞ്ചേരി. അവിടെ അണ്ടർ ഗ്രൗണ്ട് കേബിളും ബാക്കിയുള്ള കാര്യങ്ങളും വരും. അതിന്റെ ഒരു ഭാഗമാണ് ഈ പഴയ ലൈൻ മാറ്റി പുതിയ ലൈനുകൾ ഇടുക എന്നുള്ളത്. എറണാകുളം ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിൾ ഇടാൻപോലും പ്രയാസമാണ്, പല തടസ്സങ്ങളുമുണ്ട്. എന്നാലും എറണാകുളത്തെ SCADA (Supervisory Control And Data Acquisition) വർക്ക് വളരെയധികം പുരോഗതി നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സ്ഥലത്ത് എത്തിയിട്ടില്ല. ഈ സ്ഥലത്തും എത്തിക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്. എറണാകുളം ജില്ലയിൽ SCADA നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഇന്റർപ്ഷൻ വളരെ കുറഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. SCADA വർക്ക് ബാക്കി സ്ഥലത്തുകൂടി വരുമ്പോൾ കുറെക്കൂടി ഇന്റർപ്ഷൻ കുറയ്ക്കാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സജഷൻ പരിശോധിക്കുന്നതാണ്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, വൈദ്യുതി ഉപയോഗം കൂടിക്കൂടി വരുന്ന ഒരു കാലഘട്ടമാണ്. വൈദ്യുതി പ്രസരണം നഷ്ടവും കമ്മിയും വരുന്നുണ്ട്. ഇതിനൊക്കെ ശാശ്വതമായിട്ടുള്ള ഒരു പരിഹാരം നമുക്കാവശ്യമാണ്. വിദേശ രാജ്യങ്ങളിലൊക്കെ പരീക്ഷിക്കുന്നതുപോലെ കടൽവെള്ളവും കാറ്റാടി യന്ത്രവും ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശാശ്വതമായിട്ടുള്ള ഒരു മാർഗ്ഗത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഇതിനാവശ്യമായ നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പ്രസരണ നഷ്ടം കുറയ്ക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് നേരത്തെ സൂചിപ്പിച്ച കാര്യങ്ങളൊക്കെ വരുന്നത്. രണ്ടാമത്തെ കാര്യം അദ്ദേഹം പറഞ്ഞത് ഇത് വന്നുകഴിഞ്ഞാലും നമുക്ക് പവർ കുറഞ്ഞതുകൊണ്ട് നോൺ കൺവെൻഷണൽ എനർജി ഉപയോഗിക്കേണ്ട കാര്യമാണ്. അതിനുവേണ്ടിയുള്ള നടപടികൾ നടത്തിവരികയാണ്. സോളാർ, വീടുകളിൽ തന്നെ ജനറേറ്റ് ചെയ്യാനുള്ള റൂഫ് പാനൽ വച്ച് കൊടുക്കാനുള്ള ഒരു പദ്ധതി കഴിഞ്ഞ കൊല്ലം കൊണ്ടുവന്നു. അതിൽ 7000 വീടുകളിൽ നടന്നുകഴിഞ്ഞു. ബാക്കിയുള്ളത് നടന്നുകൊണ്ടിരിക്കുന്നു. ഈ കൊല്ലം 12000 വീടുകളിൽ അത് ഗ്രിഡ് കണക്ടായി ചെയ്യാൻ നോക്കുന്നുണ്ട്. അതുപോലെ കാറ്റിൽ നിന്ന് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ്: സർ, വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങളായ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വിവിധ സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകളോട് അനുബന്ധിച്ചുതന്നെ വളരെയധികം സ്ഥലം ഇപ്പോൾ മിച്ചം കിടക്കുന്നുണ്ട്. വിവിധ ഓഫീസ് കെട്ടിടങ്ങൾ വളരെ ശോച്യാവസ്ഥയിലാണ്. വാടക കെട്ടിത്തിലാണ് കെ.എസ്.ഇ.ബി.യുടെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽ തന്നെ കുറവിലങ്ങാട് സബ്സ്റ്റേഷനോടുകൂടി ചേർന്ന് വളരെ സൗകര്യപ്രദമായ സ്ഥലം കിടക്കുന്നുണ്ട്. അവിടെ ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ ബോർഡിന്റെ പരിഗണനയിൽ വന്ന് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടെങ്കിലും തീരുമാനമാക്കി നടപടി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിലുള്ള പ്രശ്നങ്ങൾ സംസ്ഥാനമൊട്ടാകെ പരിശോധിക്കാനും സബ്സ്റ്റേഷനുകളിലുള്ള കോമ്പൗണ്ടുകളിൽ തന്നെ സ്ഥലം ലഭ്യമാണെങ്കിൽ അവിടെതന്നെ ഓഫീസുകൾ, വൈദ്യുതി ഭവനുകൾ, പ്രാദേശിക ഓഫീസുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ നല്ലൊരു നിർദ്ദേശമാണ്. 2012-2013-ലെ സി. ആന്റ് എ.ജി.-യുടെ കണക്കനുസരിച്ച് നമ്മുടെ റവന്യൂവിന്റെ 102 ശതമാനമാണ് പുറത്തുനിന്നും പവർ വാങ്ങാനായി ചെലവിട്ടത്. അതിനുപുറമെ ശമ്പളം, പെൻഷൻ, റിപ്പയറിംഗ് & മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങളെല്ലാം നടത്തണം. അതുകൊണ്ട് കെ.എസ്.ഇ.ബി.യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇതുപോലുള്ള ഇൻവെസ്റ്റുമെന്റ് വളരെ ശ്രദ്ധിച്ചുമാത്രമേ നടത്താൻ കഴിയൂ. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതിൽ എന്തുചെയ്യാൻ കഴിയും എന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്. ഈ വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. അച്ചുതൻ : സർ, നഗരസഭകളിലും പഞ്ചായത്തുകളിലും പഴയകാലത്ത് സ്ഥാപിച്ച 500 വാട്ട്സിന്റേയും മറ്റും സോഡിയം വേപ്പറുകളുണ്ട്. ഇപ്പോൾ പുതിയ എൽ.ഇ.ഡി. ലൈറ്റുകൾ വരുന്നുണ്ട്. അവയുടെ പവറും മോശമല്ല. ധാരാളം വൈദ്യുതി നമുക്ക് ലാഭിക്കാനും കഴിയും പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് കറന്റ് ചാർജ്ജിനത്തിൽ ഗ്രണവും ലഭിക്കുന്നതാണ്. ആ നിലയ്ക്ക് പഴയ സോഡിയം വേപ്പറുകൾ മാറ്റുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. ഹൈമാസ്റ്റ്, സോഡിയം വേപ്പർ എന്നീ ലൈറ്റുകൾ നിരോധിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇതിനുപകരം എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള

നടപടികൾ കൈക്കൊണ്ടുവരികയാണ്. നഗരങ്ങളിൽ ഇത് മാറ്റിവയ്ക്കുന്നതു സംബന്ധിച്ചുള്ള ഒരു സ്കീം ഞങ്ങൾ ഡിസ്കസ് ചെയ്തുവരികയാണ്. അക്കാര്യങ്ങൾ നഗരകാര്യ വകുപ്പുമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അദ്ദേഹം പറയും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 65 നഗരസഭകളിൽ 'നഗരജ്യോതി' എന്ന പേരിലുള്ള ഒരു പദ്ധതി തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഡി.പി.ആർ. പ്രിപ്പറേഷൻ കഴിഞ്ഞു. അടുത്തുതന്നെ അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് പോകും. കേന്ദ്രഗവൺമെന്റിന്റെ ഇ.എസ്.എസ്.എൽ. എന്ന കമ്പനിയാണ് ഇതിന് മുന്നോട്ടുവന്നിട്ടുള്ളത്. ടെണ്ടർ വിളിക്കുമ്പോൾ വേറെയും കമ്പനികൾ മുന്നോട്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരങ്ങളിലുള്ള ട്യൂബ്‌ലൈറ്റുകളുൾപ്പെടെയുള്ള എല്ലാ ലൈറ്റുകളും റീപ്ലേസ് ചെയ്ത് എൽ.ഇ.ഡി. ലൈറ്റുകളാക്കാനാണ് ഉദ്ദേശിക്കുന്നത്.. 40 മുതൽ 50 ശതമാനം വരെ ഇലക്ട്രിസിറ്റി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നിർമ്മിതി കേന്ദ്രം ഏകജാലകമാക്കാൻ പദ്ധതി

3 (*335) ശ്രീ. വി.ഡി. സതീശൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. ജോസഫ് വാഴയ്ക്കൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുന്ന വിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly